**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2129

17.02.2016-ലെ മറുപടിയ്ക്ക്

## അടച്ച് പൂട്ടിയ നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

(എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച എത്ര നീതി, നന്മ, ത്രിവേണി സ്റ്റോറുകളാണ് ഓരോ ജില്ലയിലും അടച്ച് പൂട്ടിയതെന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച 73 നീതി സ്റ്റോറുകളും 10 ത്രിവേണി സ്റ്റോറുകളുമാണ് അടച്ചുപൂട്ടിയിട്ടുള്ളത്. നന്മ സ്റ്റോറുകൾ ഒന്നും തന്നെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളവയല്ല. അടച്ചുപൂട്ടിയ നീതി ത്രിവേണി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | അടച്ചുപൂട്ടിയ നീതി സ്റ്റോറുകൾ | അടച്ചുപൂട്ടിയ ത്രിവേണി സ്റ്റോറുകൾ |
|---|---|---|
| തിരുവനന്തപുരം | 11 | 3 |
| കൊല്ലം | 3 | 2 |
| പത്തനംതിട്ട | 1 | 1 |
| ആലപ്പുഴ | 5 | - |
| കോട്ടയം | 17 | 1 |
| ഇടുക്കി | 2 | - |
| എറണാകുളം | 1 | 2 |
| തൃശ്ശൂർ | 10 | 1 |
| പാലക്കാട് | 9 | - |
| മലപ്പുറം | 1 | - |
| കോഴിക്കോട് | 2 | - |
| വയനാട് | - | - |
| കണ്ണൂർ | 9 | - |
| കാസർഗോഡ് | 2 | - |
| ആകെ | 73 | 10 |

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യം ചെയ്യുമ്പോൾ കൺസ്യൂമർ ഫെഡ് വഴിയുള്ള വ്യാപാരത്തിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിൽപ്പനയിൽ കുറവ് വന്നിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വിൽപ്പനയെക്കാൾ ഈ സർക്കാരിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 103.11 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) സംസ്ഥാനത്തു പ്രവർത്തിച്ചിരുന്ന ത്രിവേണി മൊബൈൽ യൂണിറ്റുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ത്രിവേണി മൊബൈൽ യൂണിറ്റുകളിൽ 72 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ